## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 205** | **07-07-2022 - ൽ മറുപടിയ്ക്ക്**

## പതിനാലാം പഞ്ചവത്സര പദ്ധതിയിലെ തൊഴിൽ സംരംഭങ്ങൾക്ക് പലിശ സബ്സിഡി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഏറ്റെടുക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് പലിശ സബ്സിഡി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | **മറുപടി**<br><br>**ശ്രീ.കെ.എൻ.ബാലഗോപാൽ**<br><br>**(ധനകാര്യ വകുപ്പ് മന്ത്രി)**<br><br>ചെറുകിട വ്യവസായങ്ങൾക്ക് 2 കോടി രൂപ വരെയുള്ള വായ്പകൾ സർക്കാരിന്റെ 3% പലിശ സബ്സിഡി ഉൾപ്പെടെ 5% പലിശ നിരക്കിൽ വായ്പ നൽകുന്ന മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതി കെ.എഫ്.സി വഴി നടപ്പിലാക്കി വരുന്നു.<br><br>പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഏറ്റെടുക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക വ്യവസായ വാണിജ്യ വകുപ്പ് വഴി, നിലവിൽ നടപ്പിലാക്കുന്ന ഒരു പദ്ധതിയും പുതിയ രണ്ട് പദ്ധതികളും ഉൾപ്പെടെ, മൂന്ന് പദ്ധതികൾ മുഖേന പലിശ സബ്സിഡി പദ്ധതികൾ നൽകുന്നതിന് ഉദ്ദേശിക്കുന്നു. ടി പദ്ധതികളുടെ വിശദവിവരം താഴെച്ചേർക്കുന്നു.<br><br>**നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി :-** നിലവിൽ നടപ്പിലാക്കി വരുന്നതും തുടർന്ന് വരുന്നതുമായ പദ്ധതിയാണ്ഇത് പദ്ധതിയ്ക്കായി 100 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br><br>**'ഒരു കടുംബം ഒരു സംരംഭം' പദ്ധതി :-** 2022-23 കാലയളവിൽ സംസ്ഥാനത്ത് കുറഞ്ഞത ഒരു ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിക്കുക എന്ന സർക്കാരിന്റെ ലക്ഷ്യത്തിന്റെ ഭാഗമായ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന 'ഒരു കടുംബ |

| | | | |
|---|---|---|---|
| | | | ഒരു സംരംഭം' പദ്ധതിക്കായി 7 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br><br>**നിലവിലുള്ള എം എസ് എം ഇ കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം നൽകുന്ന പദ്ധതി:-** ടി പദ്ധതിയിൽ സംരംഭങ്ങൾക്ക് പ്രവർത്തന മൂലധന വായ്പയിൽ പലിശ ഇളവ് നൽകുന്നതിന ലക്ഷ്യമിടുന്നു. ബഡ്ജറ്റിൽ പദ്ധതിക്കായി 11.40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>ഇതിനു പുറമേ വ്യവസായ സംരംഭങ്ങൾക്ക പലിശ സബ്സിഡി നൽകുന്നതിനായി പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കി വരുന്ന പദ്ധതിയാണ് CM സ്പെഷ്യൽ അസ്സിസ്റ്റൻസ് സ്കീം. പ്രസ്തുത സ്കീമിന്റെ ഭാഗമായി 25 ലക്ഷം മുതൽ 2 കോടി വരെ വ്യവസായങ്ങൾക്ക് വായ്പ ലഭിക്കുന്നതാണ്. 3% സർക്കാർ സബ്സിഡി നൽകുന്നതിനാൽ 7% പലിശയ്ക്കാണ് ഇത നൽകുന്നത്. പതിനാലാം പഞ്ചവത്സര പദ്ധതിയിലും വ്യവസായ സംരംഭങ്ങൾക്ക സർക്കാരിന്റെ പലിശ സബ്സിഡി കെ.എസ്.ഐ.ഡി.സി. മുഖാന്തരം നൽകുവാൻ പദ്ധതി ഇട്ടിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷമായ 2022-23ൽ ഇതിലേയ്ക്കായി 6 കോടി രൂപ കെ.എസ്.ഐ.ഡി.സി. യ്ക്ക വകയിരുത്തിയിട്ടുണ്ട്. |
| (ബി) | സംരംഭകന്റെ വരുമാനം പരിഗണിക്കാതെ 10 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് പരമാവധി സബ്സിഡി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | സംരംഭത്തിന്റെ തിരിച്ചടവ് ശേഷി പരിഗണിച്ചാണ് മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതി പ്രകാരം കെ.എഫ്.സി. വായ്പകൾ അനുവദിക്കുന്നത്. ആയതിനാൽ വരുമാനം പരിഗണിക്കാതെ വായ്പകൾ അനുവദിക്കാൻ കെ.എഫ്.സി. യ്ക്ക് കഴിയില്ല.<br><br>സംരംഭകന്റെ വരുമാനം പരിഗണിക്കാതെ 10 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് പരമാവധി സബ്സിഡി അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. 2022-23 സർക്കാർ സംരംഭകത്വ വർഷമായി ആചരിക്കുകയാണ്. ഒരു ലക്ഷം ചെറുകിട/ ഇടത്തരം സംരംഭങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുകയാണ് |

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ ലക്ഷ്യം. ഇതിന്റെ ഭാഗമായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതിക്കായി 7 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ടി പദ്ധതിയിലൂടെ 10 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് ധനകാര്യ സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന പലിശയുടെ ഒരു ഭാഗം സബ്സിഡിയായി പരമാവധി 5 വർഷത്തേയ്ക്ക് നൽകുന്നതിന് ലക്ഷ്യമിടുന്നു. അതുവഴി ഗുണഭോക്താക്കൾക്ക് 4% പലിശയ്ക്ക് വായ്പ ലഭ്യമാകുന്ന തരത്തിലുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. |
| (സി) | ജനറൽ വിഭാഗം, മറ്റു സംവരണ വിഭാഗം, പാടശേഖര സമിതി എന്നീ കാറ്റഗറി അനുസരിച്ച് സബ്സിഡി നൽകുമോയെന്ന് വ്യക്തമാക്കാമോ; | (സി) | പാടശേഖര സമിതി എന്ന വിഭാഗത്തിന്, വ്യവസായ വകുപ്പ് വഴി നിലവിൽ പ്രത്യേക പരിഗണന നൽകി വരുന്നില്ല. എന്നാൽ 2022-23 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന "ഒരു കുടുബം ഒരു സംരംഭം" പലിശ സബ്സിഡി പദ്ധതിയിൽ ജനറൽ, മറ്റ് സംവരണ വിഭാഗക്കാർ ഉൾപ്പെടെ വനിതകൾ, ഭിന്നശേഷിക്കാർ, വിമുക്തഭടന്മാർ, കേരളത്തിന് പുറത്ത് വസിക്കുന്നവർ, യുവസംരംഭകർ (45 വയസ് വരെയുള്ളവർ), SC/ST വിഭാഗങ്ങൾ എന്നിവർക്ക് മുൻഗണന നൽകി പലിശയിൽ സബ്സിഡി നൽകുന്നതാണ്. |
| (ഡി) | ത്രിതല പഞ്ചായത്തുകളിലെ സൂക്ഷ്മ, ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് സബ്സിഡി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ; | (ഡി) | ത്രിതല പഞ്ചായത്തുകളിലെ സൂക്ഷ്മ, ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് സബ്സിഡി അനുവദിക്കുന്ന പ്രത്യേക പദ്ധതി നിലവിലില്ല. എന്നാൽ നിലവിൽ സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭങ്ങൾക്ക് വ്യവസായ വകുപ്പ് വഴി വിവിധ സബ്സിഡി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (ഇ) | പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഏറ്റെടുക്കുന്ന വ്യവസായങ്ങൾക്ക് സ്റ്റാർട്ടപ്പ് മിഷന്റെയും ഗവേഷണ സ്ഥാപനങ്ങളുടെയും സാങ്കേതികവിദ്യ കൈമാറ്റം സാധ്യമാകുമോ എന്നറിയിക്കാമോ ? | (ഇ) | സാങ്കേതിക സർവ്വകലാശാലയുമായി സംയോജിച്ച് സംരംഭകർക്ക് സാങ്കേതിക സഹായം നൽകുന്നതിനായി പുതിയ ഒരു പദ്ധതി ഈ സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്. ഇതനുസരിച്ച് സംരംഭങ്ങളിലെ സാങ്കേതിക തലത്തിലും മാനേജ്മെന്റ് തലത്തിലും പരിഹരിക്കേണ്ട വിഷയങ്ങൾ കണ്ടെത്തി അവ സാങ്കേതിക സർവകലാശാല വഴി പ്രൊഫെഷണൽ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ് ആയി നൽകുകയും അവ പരിഹരിക്കുന്നതിനുള്ള നടപടി ഇന്റേൺഷിപ്പിന്റെ ഭാഗമായി സ്വീകരിക്കുന്നതുമാണ്. സ്റ്റാർട്ടപ്പ് മിഷന്റെയും ഗവേഷണ സ്ഥാപനങ്ങളുടെയും സാങ്കേതികവിദ്യ കൈമാറ്റം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി വഴി, സാങ്കേതിക വിദ്യ സ്വായത്തമാക്കുന്ന വേളയിൽ ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10%, പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം നല്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ